MR. PRESIDENT : ഹൗസ് അനുസരിച്ച് ഒരു ദിവസം, ഒരു അഡ്ജോൺമെന്റ് മോഷൻ സംബന്ധിച്ച മാത്രമേ ചർച്ച ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളൂ. പക്ഷെ കൂടുതൽ മോഷൻസ് സ്വീകരിച്ച ഓരോ ദിവസത്തേക്ക് ഓരോ മോഷൻവീതം വയ്ക്കാം. ഈ സഭയുടെ അഭിപ്രായത്തിൽ ഒരു അടിയന്തിരപ്രമേയം മാത്രം ഒരു ദിവസം സ്വീകരിച്ചാൽ മതിയെങ്കിൽ എനിക്കു അതിനും സമ്മതമാണ്.

അടുത്ത അടിയന്തിരപ്രമേയം മിസ്സസ് ദേവകിഗോപിദാസിനേറ്റതാണ്.

" തുണിയുടെ വിലനിയന്ത്രണം പിൻവലിച്ചതുകൊണ്ട് കച്ചവടക്കാർ തുണിവില്പനയിൽ വരുത്തിയിട്ടുള്ള അസഹനീയമായ വിലവർദ്ധനവിനേയും സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾക്ക് തുണികിട്ടാതെ വിഷമിക്കുന്ന സങ്കടകരമായ അവസ്ഥയെപ്പറ്റിയും വാഗ്പ്രതിവാദംചെയ്യുന്നതിനു സഭാനടപടികൾ നിർത്തിവയ്ക്കണം എന്നാണ് എന്റെ അഭിപ്രായം".

ഇതു ഒരു അടിയന്തിരപ്രമേയമായി എടുക്കത്തക്കതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ തുണിവിലനിയന്ത്രണത്തെക്കുറിച്ച് ഗവണ്മെന്റിനു യാതൊരു കൺട്രോളും ഇല്ല. ആ സ്ഥിതിക്ക് അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എന്തെങ്കിലും അഭിപ്രായം പറയാൻ ഉണ്ടെങ്കിൽ അതു കഴിഞ്ഞശേഷം എന്റെ അഭിപ്രായം പറയുന്നതാണ്.

MR. K. P. NILAKANTA PILLAI : ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു സിറ്റിംഗിൽ ഒരു അഡ്ജോൺമെന്റുമോഷൻ അനുവദിച്ചാൽ പിന്നെ മറ്റാരാനും ആ ദിവസം ആലോചനക്കെടുക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : ഒരു ദിവസം ഒരു അഡ്ജോൺമെന്റ് മോഷൻ മാത്രമെ ചർച്ച ചെയ്യാവൊള്ളൂ എന്നും, എന്നാൽ ഒരു ദിവസം ഒന്നിൽ കൂടുതൽ മോഷൻസ് സ്വീകരിക്കാമെന്നും ഉള്ളതാണ് എന്റെ റൂളിംഗാണ്. മെമ്പറിന്റെ അഭിപ്രായം അതിൽ ആവശ്യമില്ല.

MR. K. P. NILAKANTA PILLAI : പ്രസിഡന്റിന്റെ റൂളിംഗിനെപ്പറ്റിയല്ല ഞാൻ ചോദിക്കുന്നതു്. ഒരു ദിവസം പത്തു് അഡ്ജോൺമെന്റുമോഷൻ വന്നാൽ അവയെക്കുറിച്ചു പരിചിന്തനം ചെയ്യുന്നതിനു് ദിവസം ക്ലിപ്തപ്പെടുത്തുന്ന ഒരു നടപടി ശരിയാണോ എന്നതാണു് എന്റെ പോയിന്റ് ഓഫ് ഓർഡർ.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ശ്രീമൂലം അസംബ്ലിയിൽ ക്വസ്റ്റ്യൻ-ലെ ബഡ്ജറ്റ് സെഷനിൽ ക്വ-ം ക്വസ്റ്റ്യൻ മോഷൻസ് ഒരു ദിവസം സ്വീകരിച്ച് കാരോ തീയതിക്ക് പോസ്റ്റ് ചെയ്തതായി ഞാൻ ഓർമ്മിക്കുന്നു.

ഈ അടിയന്തിരപ്രമേയത്തെപ്പറ്റി, അതായത്, തുണിവിലയെ സംബന്ധിച്ച്, എന്തെങ്കിലും സ്റ്റേറ്റുമെൻറ് മന്ത്രിമാർക്ക് നടത്താനുണ്ടോ യെന്ന് അറിഞ്ഞാൽ കൊള്ളാം.

MR. A. NESAMONY : On a point of information. Who holds the portfolio so far as this particular matter is concerned?

MR. PRESIDENT : പ്രൈം മിനിസ്റ്റർ ആണ്. അദ്ദേഹം ഇല്ലെങ്കിലും ഗവണ്മെൻറിന് വേണ്ടി ഏതെങ്കിലും മന്ത്രിമാർക്ക് അതിനെ സംബന്ധിച്ച് പ്രസ്താവന പുറപ്പെടുവിക്കാം.

MR. K. A. MATHEW : പ്രൈം മിനിസ്റ്റർ എന്താണ് ഇവിടെ ഹാജരായിട്ടില്ലാത്തത് എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു് അറിയേണ്ട ആവശ്യമില്ല.

HON'BLE MR. T. M. VARGHESE : തുണിയുടെ വിലയെ സംബന്ധിച്ച അടിയന്തിരപ്രമേയത്തിൽ പറഞ്ഞതുപോലെ ഈ നാട്ടിൽ പലർക്കും ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു മുൻപു തന്നെ മനസ്സിലായിട്ടുണ്ട്. ഇപ്പോൾ കൂടുതൽ അതു് മനസ്സിലാക്കുവാനും കഴിഞ്ഞു. അതിലേക്ക് പരിഹാരമാർഗ്ഗങ്ങൾ വേണ്ടതെല്ലാം കണ്ടുപിടിച്ചു എന്ന് ഗവണ്മെൻറ് അഭിമാനിക്കുന്നില്ല. ഏതു തരത്തിലാണ് ഈ വിലക്കൂടുതലിന് പരിഹാരമുണ്ടാക്കി ആവശ്യമനുസരിച്ച് നമ്മുടെ ആളുകൾക്ക് തുണികിട്ടേണ്ടതു് എന്ന കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. തക്കതായ പരിഹാരം കണ്ടുപിടിച്ചു എന്നു പറയാൻ നിവൃത്തിയില്ല. അന്യസ്ഥലങ്ങളിൽ നടക്കുന്ന കാര്യങ്ങളും ഇങ്ങനെയാണ്. ഇതു പോലെയോ അല്ലെങ്കിൽ ഇതിൽ കൂടുതലോ വിലക്കൂടുതൽ അന്യസ്ഥലങ്ങളിലുമുണ്ട്. എന്നാൽ വിലക്കൂടുതലിന് അതു ഒരു സമാധാനമാകയില്ലെന്നറിയാം. അതിനു ഏതെങ്കിലും തരത്തിൽ പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. എങ്ങനെയാണ് ഇതിനു പരിഹാരമുണ്ടാക്കേണ്ടതെന്നു ആലോചിക്കണം. തിരുവിതാംകൂറിൽ ടെക്സ്റ്റൈൽ വ്യവസായം നടത്തുന്ന ഒരു സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് മിൽമാത്രമെ ഉള്ളൂ. പുറത്തു അഹമ്മദബാദ് മുതലായ സ്ഥലങ്ങളിൽ നിന്നാണ് നമുക്കാവശ്യമുള്ള തുണി ഇവിടെ വരുത്തേണ്ടതു്. അവിടെ നിന്നും ധാരാളം തുണികൾ വരുത്തുന്നതിന് ആലോചിക്കുന്നുമുണ്ട്. ഇപ്പോൾ അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. M. Varghese].

പ്രമേയം അവതരിപ്പിച്ചാൽ അതു സംബന്ധിച്ചുള്ള വാദപ്രതിവാദം കേൾക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർക്കു സന്തോഷമായിരിക്കും. വിലക്കൂടുതൽ സംബന്ധിച്ചു കൂടുതൽ പരിഹാരം ഉണ്ടാക്കുന്നതിന് അതു സഹായവുമായിരിക്കും. അതുകൊണ്ടു ഈ അടിയന്തിരപ്രമേയം അനുവദിക്കുന്നതു് നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

MR. PRESIDENT : ഈ പ്രമേയത്തെ ആരെങ്കിലും എതിർക്കുന്നുണ്ടോ?

MR. A. ATCHUTHAN (*Karthigapally II—General*) : Sir, I rise to a point of order. Rule 18, sub-rule (2) states:

> "Notice of a motion under sub-rule (1) shall be given before the commencement of the sitting on the day on which the motion is proposed to be made both to the President and the Minister concerned."

ഈ റൂൾ അനുസരിച്ചു ഈ അടിയന്തിരപ്രമേയത്തെപ്പറ്റി മിനിസ്റ്റർക്കുകൂടി അറിയിപ്പു കൊടുത്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു മിനിസ്റ്ററാണു് പറയേണ്ടതു. ഈ അടിയന്തിരപ്രമേയത്തെ അനുകൂലിക്കുന്നവർ എഴുന്നേൽക്കണം. ഏഴുപേർ മാത്രം അനുകൂലിക്കുന്നതിനാൽ അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത അടിയന്തിരപ്രമേയം മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണു്. പ്രമേയം ഇതാണു്.

"തിരുവിതാംകൂറിൽ പ്രീ യൂണിവേഴ്സിറ്റി ക്ലാസ്സു് നിറുത്തൽ ചെയ്യണമെന്നും ജൂനിയർ ഇന്റർമീഡിയറു ക്ലാസ്സു് തുടർന്നു് നടത്തണമെന്നുമുള്ള പൊതുജനാഭിപ്രായത്തെ അവഗണിച്ചു് യൂണിവേഴ്സിറ്റി കോളേജിൽ ഇക്കൊല്ലം ജൂനിയർ ഇന്റർമീഡിയറു ക്ലാസ്സു് ഉണ്ടായിരിക്കുന്നതല്ലെന്നും പകരം പ്രീയൂണിവേഴ്സിറ്റിക്ലാസ്സു് നടത്തുന്നതാണെന്നും അധികൃതർ പരസ്യപ്പെടുത്തുകയും അപേക്ഷകരെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നതായി കാണുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള പരിഭ്രമത്തേയും നിരാശയേയും വൈഷമ്യത്തേയും കുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു് ഞാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നു."

MR. T. K. NARAYANA PILLAI : സർ, റൂൾ ഏവ (ബി) അനുസരിച്ചു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു് ഈ അടിയന്തിരപ്രമേയം സംബന്ധിച്ചു നോട്ടീസു് കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly